(c) is this practice still continuing; and
(d) if answer to (c) is in the negative when and why was it stopped?

Chief Minister (Sri. C. Kesavan):
(a) Yes.
(b) For constables of all Units other than the Armed Reserve, the scale adopted is three suits for two years. In the Armed Reserve the scale is two suits for an year.
(c) Yes.
(d) Does not arise.

ട്രേഡ് യൂണിയൻ നിരോധനം

*൪൯൩ (൪൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രേഡ്യൂണിയന്റെ പേരിലുള്ള നിരോധനങ്ങൾ പിൻവലിക്കുന്നതിനുള്ള തടസ്ഥം എന്താണെന്ന് പറയാമോ?

(ബി) ഈ ഇടയ്-ൽ പുതുതായി ട്രേഡ്യൂണിയൻ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

വ്യവസായവും, തൊഴിലും വകുപ്പുമന്ത്രി ശ്രീ. കെ. കുഞ്ഞൻകുട്ടിമേനോൻ:

(എ) നിരോധനം നിലവിലിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി സമ്പർക്കം പുലർത്തുന്നതിനാൽ.

(ബി) ഈ ൽ ഇടയ്-ൽ ൧൦൭ പുതിയ ട്രേഡ്യൂണിയൻസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കമ്മ്യൂണിസ്റ്റ് പാർട്ടി

*൪൧൭ (൪൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അടുത്ത കാലത്ത് അറസ്റ്റ് ചെയ്ത കമ്മ്യൂണിസ്റ്റ് നേതാക്കന്മാരെ വിടണമെന്ന് കാണിച്ച് പല നിവേദനങ്ങളും അപേക്ഷകളും കിട്ടിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): ഉണ്ട്.

സ്ഥലം ഒഴിപ്പിക്കുന്നതിനുള്ള നടപടി

*൪൧൮ (൪൪) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കെട്ടാരക്കര താലൂക്കിൽ പിന്നോക്കസമുദായക്കാർക്കായി നീക്കിവെച്ചിട്ടുള്ള സ്ഥലം അകാരണമായി മറ്റാരെങ്കിലും കൈവശപ്പെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവരിൽനിന്നും ഒഴിപ്പിക്കുന്നതിനു് ഗവണ്മെന്റ് നടപടി എടുത്തിട്ടുണ്ടോ;

(സി) എടുത്തിട്ടുണ്ടെങ്കിൽ ആ നടപടി പൂർത്തിയായിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നടപടി പൂർത്തിയായിട്ടില്ല.

പയൽ സ്റ്റീം

*൪൧൯ (൪൫) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

LIBRARY ARCHIVES Kerala Legislative Assembly